# ഭാഗം 10 മനോവിജ്ഞാനീയം

**ഉള്ളടക്കം**


10.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
10.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1 മനസ്സും മസ്തിഷ്കം
10.2 പാഠസംഗ്രഹം
10.3 കുറിപ്പ്
10.4 പദബോധനം
10.5 പുരോഗതി സ്വയം പരിശോധിക്കുക-1
10.6 വിഷയാവതരണവും പാഠഭാഗവും
പാഠം-2 ചേഷ്ടാസിദ്ധാന്തം
10.7 പാഠസംഗ്രഹം
10.8 കുറിപ്പുകൾ
10.9 പുരോഗതി സ്വയം പരിശോധിക്കുക-2
10.10 പുരോഗതി പരിശോധിക്കുക-ഉത്തരം


## 10.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

സംമ്പാദിച്ച വിജ്ഞാനം മററൊരാൾക്ക് പകരുക, എന്നതാണ് ശ്രദ്ധേയം. സങ്കൽപ്പശേഷിയും ചിന്താശക്തിയും ഒരു തലമുറ തങ്ങളുടെ കണ്ടെത്തലുകളിലൂടെ അനുക്ഷണം വികസ്വരമായിരിക്കുന്നതിനാൽ അതനുസരിച്ച് ഭാഷയ്ക്കും പുതിയ രൂപഭാവങ്ങൾ കൈകൊള്ളേണ്ടതായി വരുന്നു. സാഹിത്യത്തേയും, ശാസ്ത്രത്തേയും ജനങ്ങളിലേക്ക് എത്തിക്കുന്ന ഭാഷയ്ക്ക് ഘടനാപരമായ സാജാത്യം കാണാം. പക്ഷേ ശൈലീപരമായി വളരെയേറേ വ്യത്യാസം ഉണ്ടായിരിക്കും. വിഷയഭേദമനുസരിച്ച് ഭാഷാഭേദം ഉണ്ടാകുമെന്ന് അനുഭവത്തിലൂടെ വിദ്യാർത്ഥികളെ മനസ്സിലാക്കുവാൻ മനസ്സ് എന്ന അത്ഭുത പ്രതിഭാസത്തേയും, ചേഷ്ടാസിദ്ധാന്തത്തേയും ഈ പാഠഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. രണ്ടും മന:ശാസ്ത്രവിഷയങ്ങളാണ്. അവ പ്രതിപാദിക്കുമ്പോൾ ശബ്ദത്തിലും വാക്യത്തിലും വരുന്ന സവിശേഷതകളിലേക്ക് വിദ്യാർത്ഥികളുടെ ശ്രദ്ധയാകർഷിക്കുകയാണ് മുഖ്യമായ ഉദ്ദേശ്യം.

## 10.1 വിഷയാവതരണം

നിങ്ങൾക്ക് തലവേദന വരാറുണ്ടോ?. അപ്പോൾ നിങ്ങൾ തല, നനഞ്ഞ തുണികൊണ്ട് കെട്ടാറില്ലേ?. അല്ലെങ്കിൽ മരുന്നു പുരട്ടാറില്ലേ? അതുപോലെ മനോവേദന വന്നിട്ടുണ്ടോ? ഏതെങ്കിലും അവയവത്തിൽ മരുന്നു പുരട്ടി നിങ്ങൾക്ക് മനോവേദന ശമിപ്പിക്കാൻ കഴിഞ്ഞട്ടുണ്ടോ? കൈ, തല എന്നിവയെപ്പോലെ മനസ്സും ഒരു അവയവമാണോ? എപ്പോഴെങ്കിലും അങ്ങനെയൊരെണ്ണം നിങ്ങൾ കണ്ടിട്ടുണ്ടോ? ശരീരഭാഗങ്ങളെക്കുറിച്ച് പഠിപ്പിക്കുന്ന അദ്ധ്യാപകൻ ഇങ്ങനെ ഒരവയവത്തെപ്പററി പറഞ്ഞോ കാണിച്ചോ തന്നിട്ടുണ്ടോ? ഇതൊരവയവമല്ല. ഒരു അവയവത്തിൻെറ

ഭാഗമാണെന്നു പറയാമോ? മനോവേദനയെന്നു നാം പറയാറുള്ളത് എന്തിലോ സംഭവിക്കുന്നു എന്നു നാം സങ്കൽപ്പിക്കുന്നു. അവ യഥാർത്ഥമായ ഒന്നാണോ? മനസ്സും ബുദ്ധിയും ഒന്നുതന്നെയാണോ? അതോ രണ്ടും രണ്ടാണോ? ചോദ്യങ്ങൾ എത്രവേണമെങ്കിലും ചോദിക്കാം. ഉത്തരത്തിന്റെ കാര്യത്തിലേ പ്രയാസമുള്ളൂ. ശരീരത്തിലെ സമസ്ത നാഡീവ്യൂഹവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണ് മനസ്സ്. അതിന്റെ ആസ്ഥാനം മസ്തിഷ്ക്കമാണ്. എന്നൊക്കെയാണ് ശാസ്ത്രം നമ്മേ പഠിപ്പിക്കുന്നത്. മന:ശാസ്ത്രം മാനവികശാസ്ത്രത്തിൽപ്പെടുന്നു. മാനവികം എന്നാൽ മാനവനെ - മനുഷ്യനെ - സംബന്ധിച്ചത് എന്നാണർത്ഥം. മാനവികശാസ്ത്രങ്ങളെ ശാസ്ത്രമായി പരിഗണിക്കാമോ എന്ന സംശയം ഇന്നും പൂർണ്ണമായി തീർന്നു കിട്ടിയിട്ടില്ല.

എന്തായാലും അവ ശുദ്ധമായ, കേവലമായ, നിരപേക്ഷമായ ശാസ്ത്രങ്ങളല്ല എന്നു തീർച്ചയുണ്ട്. നൂറു ഡിഗ്രി സെൽസിയസിൽ വെള്ളം തിളക്കുംമ്പോൾ ആവിയായിത്തീരുമെന്ന് നമ്മുക്കറിയാം. പൂജ്യം ഡിഗ്രി സെൽസിയസിൽ അത് തണുത്തുറഞ്ഞ് മഞ്ഞുകട്ടിയാവുമെന്നും നമുക്കറിയാം. ഏതു പരിത:സ്ഥിതിയിലും ഇതു സംഭവിക്കുകതന്നേ ചെയ്യും. പരീക്ഷിച്ച് ഉറപ്പിക്കാൻ കഴിയുന്ന ഒരു തത്വമാണിത്. ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ ജലത്തിന്റെ പെരുമാററം പ്രവചിക്കാനും കഴിയും. എന്നാൽ മനുഷ്യജീവിതത്തെക്കുറിച്ച് ഇപ്രകാരം കണിശത്തമുള്ള തത്വങ്ങൾ പറയാനോ ഏതു പരിത:സ്ഥിതിയിലും മനുഷ്യൻ ഇന്നവിധം പെരുമാറുമെന്നു പ്രവചിക്കാനോ നമുക്കു കഴിയുകയില്ല. നമ്മുടെ വരുതിയില്ലാത്ത, നമ്മുടെ നിരീക്ഷണത്തിനു വിധേയമല്ലാത്ത, അനവധി ഘടകങ്ങൾ ജീവിതത്തിൽ ഉൾച്ചേർന്നു കിടക്കിന്നതുകൊണ്ടാണ് അതു സാദ്ധ്യമല്ലാതായിത്തീരുന്നത്. അതുകൊണ്ടാണ് മാനവികശാസ്ത്രങ്ങൾ ഭൗതിക ശാസ്ത്രങ്ങളെപ്പോലെ ശുദ്ധമല്ല എന്നു പറയുന്നത്.

എങ്കിലും അവ ശാസ്ത്രമല്ലെന്നും പറയാൻ വയ്യ. നിരപേക്ഷസ്വഭാവമില്ലെങ്കിലും ചില പൊതുതത്ത്വങ്ങൾ ക്രോഡീകരിക്കാനും അവയുടെ അടിസ്ഥാനത്തിൽ ചിട്ടയോടുകൂടി പഠനം നടത്താനും നമുക്കു കഴിയുന്നുണ്ട്. മനസ്സിനേക്കുറിച്ചും ആ വിധം പഠനം നടന്നിട്ടുണ്ട്. ശ്രദ്ധിക്കുക.

## മനസ്സും മസ്തിഷ്കവും

**പി.എൻ.മൂസ്സത്**

1. വളരെ നൂററാണ്ടുകളോളമായി ശാസ്ത്രജ്ഞന്മാർ മനസ്സിനെക്കുറിച്ച് ആലോചിച്ചു തുടങ്ങിയിട്ട്. മനസ്സിന്റെ അധിഷ്ഠാനം ഏതാണെന്നുള്ള സംഗതി കുറെ കാലത്തോളം വാദഗ്രസ്തമായിരുന്നു. മനസ്സിന്റെ സ്ഥാനം ഹൃദയമാണെന്ന് ഒരു കൂട്ടരും, കുടലുകളാണെന്ന് മറെറാരു കൂട്ടരും, ഇതു രണ്ടുമല്ല 'പ്ളീഹ'യാണ് മനസ്സിന്റെ. ഇരിപ്പിടമെന്ന് മൂന്നാമത്തെ കക്ഷിക്കാരും വിശ്വസിച്ചിരുന്നു. എന്നാൽ ശരീരശാസ്ത്രജ്ഞാനത്തിന്റെ അഭിവൃദ്ധിയോടു കൂടി മനസ്സിന്റെ കേന്ദ്രം മസ്തിഷ്കം ആണെന്ന് നിസ്സംശയം വെളിപ്പെട്ടു. മനസ്സിന്റെ ഉപകരണം തലച്ചോറാണെന്നുള്ളത് പല സംഗതികളെക്കൊണ്ടും തെളിയിക്കാവുന്നതാണ്.

2. ബാഹ്യലോകത്തെക്കുറിച്ചുള്ള ബോധാവസ്ഥ, അഥവാ അതു സംബന്ധിച്ചുള്ള ജ്ഞാനം, നമുക്ക് ഇന്ദ്രിയവ്യാപാരം മൂലമാണ് സിദ്ധിക്കുന്നത്. ജാത്യന്ധനായ ഒരുവന്നു നേത്രേന്ദ്രിയജന്യമായ ജ്ഞാനവും ജാത്യാ ബധിരനായ ഒരുവന്നു ശ്രോത്രേന്ദ്രിയ ജന്യമായ ജ്ഞാനവും ഉണ്ടാവാൻ ഇടയില്ല. ഇന്ദ്രിയങ്ങൾ കായികങ്ങളും മസ്തിഷ്ക്കത്തിൽ കേന്ദ്രീകൃതങ്ങളുമാണ്. മാനസിക ബോധാവസ്ഥയുടെ ഏററവും ലഘുവായ പ്രവർത്തനം പോലും ഇങ്ങനെ ദേഹേന്ദ്രിയവ്യാപാരങ്ങളെ അനുബന്ധിച്ചാണ് ഇരിക്കുന്നതെന്നു തെളിയുന്നു.

3. ഇനി മനസ്സിന്റെ പ്രവർത്തനം പ്രത്യക്ഷപ്പെടുന്നതെങ്ങനെയെന്നു ചിന്തിച്ചു നോക്കിയാൽ അതും മാംസപേശികളുടെ ചലനത്തെ ആശ്രയിച്ചാണിരിക്കുന്നതെന്നു കാണാം. നാം ഒരു മണിയുടെ നാദം കേൾക്കുന്നു. നാദത്തെക്കുറിച്ചു നമുക്കു ബോധം ഉണ്ടാവുന്നു. ഉടനെ ചെന്നു നാം വാതിൽ തുറക്കുന്നു. ഇവിടെ മനസ്സിനു നാദജ്ഞാനം ഉണ്ടായത് ഇന്ദ്രിയവ്യാപാരം നിമിത്തവും മനസ്സു പ്രവൃത്തി രൂപത്തിൽ പ്രത്യക്ഷപ്പെട്ടതു മാംസപേശിയുടെ വ്യാപാരം നിമിത്തവുമത്രേ. തലച്ചോറിന്റെ സ്ഥിതിവ്യത്യാസങ്ങൾക്കനുസരിച്ചു മാനസികസ്ഥിതിഗതികൾക്കും വ്യത്യാസമുണ്ടെന്നുള്ളത് അനുഭവഗോചരമാണ്. തലച്ചോറിനു ക്ഷീണം തട്ടുമ്പോൾ മാനസികവ്യാപാരം മന്ദീഭവിക്കുന്നു. എന്നാൽ ആ ക്ഷീണം തീർന്നശേഷം മനസ്സ് വീണ്ടും ഉന്മേഷത്തോടുകൂടി പ്രവർത്തിച്ചു തുടങ്ങുന്നു. ദേഹത്തിൽ ചെലുത്തുന്ന ലഹരിസാധനങ്ങൾ നിമിത്തം മനസ്സിനും ചില മാററങ്ങൾ ഉണ്ടാവുന്നുണ്ടെന്ന് നമുക്ക് അനുഭവമാണല്ലോ. ഇതുപോലെ തന്നെ മാനസികവികാരങ്ങളാൽ ദേഹത്തിലും ചില മാററങ്ങൾ പ്രത്യക്ഷപ്പെടുന്നു. ദ്വേഷ്യമുണ്ടാവുമ്പോൾ കണ്ണു ചുവക്കുകയും ചുണ്ടു വിറക്കുകയും മററും ചെയ്യാറുണ്ടല്ലോ. തലയിലേല്ക്കുന്ന അടികളോ ചതവുകളോ

നിമിത്തം ബോധാവസ്ഥ നശിക്കാറുണ്ട്. തലച്ചോറിലേക്ക് ശരിയായി രക്തപ്രസരണം ഉണ്ടാകാതിരിക്കുമ്പോൾ മനോഭ്രാന്തിയുണ്ടാകുന്നു. കഠിനമായ പനിയുള്ളപ്പോൾ ഇതു പ്രത്യക്ഷമാണ്. ശസ്ത്രക്രിയ നിമിത്തം തലച്ചോറു നിക്കംചെയ്ത ചില പ്രാണികളുടെ ചേഷ്ടകളിൽ വലിയ വ്യത്യാസങ്ങൾ കാണപ്പെട്ടിട്ടുണ്ട്. ഇത്തരം നിരീക്ഷണപരീക്ഷണങ്ങളിൽ നിന്നും ദേഹത്തിനും മനസ്സിനും തമ്മിൽ വളരെ ബന്ധമുണ്ടെന്നും, ദേഹത്തിലെ സിരാസംഘാതത്തിൻെറയെല്ലാം കേന്ദ്രമായ മസ്തിഷ്കം (തലച്ചോറ്) ആണ് മനസ്സിൻെറ അധിഷ്ഠാനമെന്നും ശാസ്ത്രജ്ഞന്മാർ തെളിയിച്ചിരിക്കുന്നു.

4. "കാരണവും അനുരൂപവുമായ സ്നായു വ്യാപാരമില്ലാതെ കാര്യമായ മാനസികവൃത്തിയുമില്ല" (No psychosis without its corresponding Neurosis) എന്ന വാക്യത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വവും മേൽപ്പറഞ്ഞതു തന്നെ. തലച്ചോറിൻെറയും സിരകളുടേയും സ്വരൂപത്തേയും പ്രവർത്തനരീതിയേയും കുറിച്ച് ഇപ്പോഴത്തേക്കാളധികം സൂക്ഷ്മമായ ജ്ഞാനം സിദ്ധിച്ചാൽ വിചാരം വികാരം മുതലായ മാനസികവൃത്തികളെ സിരാഘടന, സിരാവ്യാപാരം എന്നിവയുടെ രൂപത്തിൽ വ്യാഖ്യാനിയ്ക്കാൻ സാധിയ്ക്കും.

## 10.2 പാഠസംഗ്രഹം

ശരീരശാസ്ത്രത്തിൻെറ സഹായത്തോടെ മനസ്സിൻെറ അധിഷ്ഠാനം മസ്തിഷ്കം അല്ലെങ്കിൽ തലച്ചോറ് ആണെന്ന് വെളിപ്പെട്ടിരിക്കുന്നു. മനുഷ്യമനസ്സിൻെറ ബോധാവസ്ഥ ശരീരവ്യാപരങ്ങളിലൂടെയാണ് നമുക്കു ബോധ്യപ്പെടുന്നത്. മനസ്സിൻെറ വ്യാപാരം ബോധ്യപ്പെടുത്തുന്നതിൽ മാംസപേശികളുടെ ചലനത്തിനു കാര്യമായ പങ്കുണ്ട്. തലച്ചോറിനു ക്ഷീണം സംഭവിക്കുമ്പോൾ മാനസിക വ്യാപാരവും മന്ദീഭവിക്കും. തലച്ചോറിലേക്കു രക്തം ശരിയായി പ്രവഹിച്ചില്ലെങ്കിൽ അതു മനോവിഭ്രാന്തിക്കു കാരണമാവുകയും ചെയ്യും. മനസ്സിൻെറ പ്രവർത്തനത്തിനു മസ്തിഷ്കവുമായി അത്രയേറെ ബന്ധമുണ്ടെന്നു ശാസ്ത്രജ്ഞന്മാർ തെളിയിച്ചിരിക്കുന്നു. തലച്ചോറിനേയും സിരകളേയും കുറിച്ച് സൂക്ഷ്മമായി അറിവുണ്ടായിക്കഴിഞ്ഞാൽ വികാരവിചാരങ്ങളെ സത്യസന്ധമായി വ്യാഖ്യാനിക്കാൻ കഴിയുന്നതാണ്.

## 10.3 കുറിപ്പ്

1. പ്ളീഹ — വയററിനകത്ത് ഇടതുഭാഗത്തുള്ള ഒരു മാംസപിണ്ഡം.
2. ബോധാവസ്ഥ — ബോധത്തിൻെറ അവസ്ഥ. ഇന്ദ്രിയങ്ങളുടെ ജ്ഞാനം ഗ്രഹിക്കുന്നതിന് മനസ്സ് ഉണർന്നിരിക്കുന്ന അവസ്ഥ.
3. നേത്രേന്ദ്രിയജന്യം — കണ്ണ് ഒരു ഇന്ദ്രിയമാകുന്നു. ഇന്ദ്രിയമാണ് ബോധത്തിന് അടിസ്ഥാനം. നേത്രം എന്ന ഇന്ദ്രിയത്താൽ ജന്യമായിട്ടുള്ളത്. കാണുക എന്ന പ്രക്രിയയിലൂടെ മനസ്സിൽ ഉണ്ടാകുന്ന സംസ്കാരമാണ് വിവക്ഷിതം.
4. ശ്രോത്രേന്ദ്രിയജന്യം — ശ്രോത്രം (കാത്) ഒരു ഇന്ദ്രിയമാകുന്നു. ശ്രോത്രം എന്ന ഇന്ദ്രിയത്താൽ ജന്യമായിട്ടുള്ളത്. നിരന്തരം കേൾക്കുക എന്ന പ്രക്രിയയിലൂടെ മനസ്സിൽ ഒരു സംസ്കാരം ഉണ്ടാകുന്നു.
5. ദേഹേന്ദ്രിയവ്യാപാരങ്ങൾ — ദേഹത്തിൻെറയും ഇന്ദ്രിയങ്ങളുടേയും വ്യാപാരങ്ങൾ.
6. അനുഭവഗോചരം — അനുഭവത്തിലൂടെ അറിയാൻ കഴിയുന്നത്.
7. മനോഭ്രാന്തി — ഒരു വസ്തുവിലും പ്രത്യേകിച്ച് ഊന്നാതെ പതറുന്ന സ്ഥിതിവിശേഷം.
8. സ്നായു — മാംസപേശിയെ അസ്ഥിയുമായി ബന്ധിപ്പിക്കുന്ന വസ്തു.

## 10.4 പദബോധനം

1. **വളരെ:** വളരുക എന്ന ക്രിയയുടെ വിനയെച്ചരൂപത്തിൽ നിന്നുണ്ടായ ഒരു വിശേഷണമാണ് ഇത്. ഇവിടെ ഇതു നൂററാണ്ട് എന്ന പദത്തെ വിശേഷിപ്പിക്കുന്നു. ഇത് ക്രിയാവിശേഷണമായും നാമവിശേഷണമായും വിശേഷണ വിശേഷണമായും വരും.

പാഠം വളരെ നീണ്ടു. എന്നിടത്ത് നീണ്ടു എന്ന ക്രിയയുടെ വിശേഷണം. വളരെ കാലം കാത്തിരുന്നു. ഇവിടെ കാലം എന്ന നാമത്തിൻെറ വിശേഷണം . വളരെ ഏറെ പറഞ്ഞു. ഇവിടെ ഏറെ എന്ന വിശേഷണത്തെ വിശേഷിപ്പിക്കുന്നു.

2. **നൂററാണ്ട്:** നൂറ് + ആണ്ട് = നൂററാണ്ട്. 'നൂറ്' എന്നതിലെ 'റ' ഇരട്ടിയ്ക്കുന്നു. ഇരട്ടിച്ചു കഴിയുമ്പോൾ അതിന് 'റ'യുടെ ഉച്ചാരണമല്ല 'ററ', യുടെ ഇവയ്ക്ക് ഒരേ ഉച്ചാരണമാണുള്ളത്. നൂറ് എന്ന നാമപദത്തെ വിശേഷണമാക്കാനാണ് 'റ' കാരം ഇരട്ടിക്കുന്നത്. നൂററ് എന്നായി കഴിഞ്ഞാൽ എന്തിൻെറയെങ്കിലും വിശേഷണമായേ നില്ക്കൂ.

3. **നൂററാണ്ടുകളോളം:** നൂററാണ്ടുകൾ +ഓളം: 'വരെ' എന്നർത്ഥമുള്ള ഒരു ക്രിയാവിശേഷണമാണ് ഇത്. നാമപദത്തോടു ചേർന്നു നിന്നുകൊണ്ടാണ് ക്രിയയെ വിശേഷിപ്പിക്കുന്നു. 'പടിയോളം ചെന്നു'. 'കഴുത്തോളം ഇറങ്ങി'. 'നൂററാണ്ടുകളോളം ആയി' ഇവിടെ. ആയി എന്ന ക്രിയയെ വിശേഷിപ്പിച്ചിരിക്കുന്നു. 'ഓളം' എന്നതിനു അളവ് എന്ന പദവുമുയി അടുപ്പം ഉണ്ട്. കഴുത്തോളം വെള്ളം കഴുത്തളവു വെള്ളം.

4. **മനസ്സിനെക്കുറിച്ച്:** മനസ്+ഇൻ +എ + കുറിച്ച്. മനസ്സ് ഒരു സംസ്കൃതപദമാണ്. സംസ്കൃതത്തിൽ വ്യഞ്ജനത്തിലാണ് ഇത് അവസാനിക്കുന്നത്. അതിനെ മലയാളം സ്വരാന്തമാക്കുന്നു. 'എ' പ്രതിഗ്രാഹികാവിഭക്തി പ്രത്യയമാണ്. കർമ്മത്തിൻെറ അർത്ഥം ജനിപ്പിക്കുന്ന ഈ പ്രത്യയം മനസ്സ് ശബ്ദത്തോട് ചേർക്കുന്നു. അപ്പോൾ ഇത് നേരിട്ടു ചേരുന്നില്ല. ചേർച്ച സുഖകരമാക്കാൻ വേണ്ടിയാണ് 'ഇൻ' എന്ന ഇടനില ചേർത്തിരിക്കുന്നത്. പ്രത്യേക അർത്ഥമൊന്നും നൽകാതെ പ്രകൃതിയേയും പ്രത്യയത്തേയും തമ്മിൽ യോജിപ്പിക്കുകയാണ് ഇടനില ചെയ്യുന്നത്. മനസ്സിനെ + കുറിച്ച് — മനസ്സിനെക്കുറിച്ച്. മനസ്സിനെ എന്നതു പൂർവ്വപദവും കുറിച്ച് പരപദവുമായി സന്ധി ചെയ്തിരിക്കുന്നു. സന്ധിയിൽ പരപദത്തിൻെറ ആദ്യത്തിലുള്ള 'ക' ഇരട്ടിച്ചിരിക്കുന്നു. ദ്വിത്വസന്ധി. ഇവിടെ കുറിച്ച് എന്ന അപൂർണ്ണക്രിയ മനസ്സിനെ എന്ന ശബ്ദത്തോടു ചേർത്തു പ്രയോഗിച്ചിരിക്കുന്നു. ക്രിയയുടെ അർത്ഥമല്ല ഇവിടെയുള്ളത്. വിഭക്തിയുടെ അർത്ഥം ജനിപ്പിക്കുകയാണ് 'കുറിച്ച്' ചെയ്യുന്നത്. ഇതിനെ വ്യാകരണത്തിൽ 'ഗതി' എന്നാണ് പറയുന്നത്. കുറിച്ച്, പററി, കൊണ്ട് എന്നിങ്ങനെ നിരവധി രൂപങ്ങൾ ഗതികളായുണ്ട്.

5. **ശാസ്ത്രജ്ഞന്മാർ:** ശാസ്ത്രപദത്തിനോട് പുല്ലിംഗപ്രത്യയമായ 'അൻ' ചേർത്ത് അതിനുമേലെ ബഹുവചന പ്രത്യയമായ 'മാർ' ചേർത്തിരിക്കുന്നു.

മലയാളത്തിലേയും മററു ദ്രാവിഡഭാഷകളിലേയും വാക്യഘടന കർത്താവ്, കർമ്മം, ക്രിയ എന്നിങ്ങനെയാണ്. പറയുന്നതിൻെറ പ്രാധാന്യം കണക്കിലെടുത്ത് അതിനു മാററം വരുത്താവുന്നതാണ്. 'ശാസ്ത്രജ്ഞന്മാർ മനസ്സിനെക്കുറിച്ച് ആലോചിച്ച് തുടങ്ങിയിട്ട് വളരെ നൂററാണ്ടുകളോളമായി' എന്നു മതിയായിരുന്നു. ക്രിയാപദം ആദ്യം കൊടുത്ത് രീതി മാററിയിരിക്കുന്നു.

6. മനസ്സിൻെറ : മനസ്സ് + ഇൻ + റെ: 'റെ'സംബന്ധികാവിഭക്തിപ്രത്യയമാണ്.

| | | | | |
|---|---|---|---|---|
| 7. **ഏതാണെന്നുള്ള** | ഏത് | + ആണ് | — ഏതാണ് | ലോപസന്ധി. |
| | ഏതാണ് | + എന്ന് | — ഏതാണെന്ന് | ലോപസന്ധി. |
| | ഏതാണെന്ന് | + ഉള്ള | — ഏതാണെന്നുള്ള | ലോപസന്ധി. |

ഈ മൂന്നിടത്തും സ്വരങ്ങൾക്കു മുൻപിൽ വരുന്ന 'ഉ' കാരം ലോപിച്ചിരിക്കുന്നു. ഏത് എന്നത് ചോദ്യാർത്ഥത്തിലുള്ള ഒരു സർവ്വനാമമാണ്. 'ഏതാണെന്നുള്ള' എന്നതിനു പകരം 'ഏതാണെന്ന' എന്നു പ്രയോഗിച്ചാൽ മതിയാകും. അങ്ങനെ പ്രയോഗിക്കുന്നതു തന്നെയാണ് ഭാഷക്ക് യോജിച്ചതും. ഇതു, സംഗതി എന്ന നാമത്തെ വിശേഷിപ്പിക്കുന്നു.

8. കുറെ: വളരെ എന്നതുപോലെ ഇതും വിശേഷണമാണ്. നാമത്തേയും ക്രിയയേയും വിശേഷണത്തേയും ഇതു വിശേഷിപ്പിക്കും. 'കുറെ ചിരിച്ചു', 'കുറെ നേരം ചിരിച്ചു', 'ഏ' കുറെ ഏറെ ചിരിച്ചു'എന്നിവ ഉദാഹരണങ്ങൾ. കുറയുക എന്ന ക്രിയയുമായാണ് ഇതിനു ബന്ധം.

**9. കാലത്തോളം:** കാലം + ഓളം 'കാലം' എന്നതിലെ ഒടുവിലത്തെ 'അം' നപുംസക ലിംഗ പ്രത്യയമാണ്. അത് 'അത്ത്' എന്നു വന്നാണ് ഈ രൂപം ഉണ്ടാക്കുന്നത്. കാല + അത്ത് + ഓലം.

**10. വാദഗ്രസ്തം:** വാദത്താൽ ഗ്രസ്തം. വാദം എന്ന പൂർവ്വപദവും ഗ്രസ്തം എന്ന ഉത്തരപദവും സമാസിച്ചാണ് ഈ രൂപം ഉണ്ടാക്കിയിരിക്കുന്നത്. ഉത്തരപദത്തിനു പ്രാധാന്യം കൂടുതലുള്ളതുകൊണ്ട് തൽപുരുഷസമാസം

**11. വിശ്വസിച്ചിരുന്നു:** വിശ്വസിക്ക് എന്നും ഇരിക്ക് എന്നുമുള്ള രണ്ടു ക്രിയകളുടെ ഭൂതകാലരൂപമാണ് ഇത്. 'വിശ്വസിക്ക്' എന്ന ക്രിയ ഭൂതകാലത്തിൽ വിശ്വസിച്ചു എന്നാകും. ഇതിൽ ധാതുവിന്റെ ഭൂതകാലരൂപം ഇരുന്നു എന്നാണ്. ഇരിക്കുക എന്നു പറയുമ്പോൾ കാലുകൾ മടക്കി വിശ്രമിക്കുന്ന ഒരു ചിത്രമാണ് നമുക്കു ഓർക്കാൻ കഴിയുന്നത്. 'കസേരയിൽ ഇരുന്നു, 'തറയിൽ ഇരുന്നു' എന്നൊക്കെ പറയുമ്പോൾ അതാണ് അർത്ഥമാക്കുന്നത്. എന്നാൽ ഈ ക്രിയ മററൊരു ക്രിയയോടു ചേർന്നു വന്നാൽ ഈ അർത്ഥമൊന്നും ഉണ്ടാവുകയില്ല. മുൻപിലുള്ള ക്രിയയുടെ കാലത്തിന്റെ വിശേഷണമായി നിൽക്കുകയാണ് പ്രവൃത്തി. വിശ്വസിച്ചിരുന്നു എന്നിടത്ത് 'വിശ്വസിച്ചു' എന്നു പറയുമ്പോൾ കിട്ടുന്ന ഭൂതകാലം അതിവിദൂരമായിരുന്നു എന്നു ധരിപ്പിക്കുവാൻ ഇരുന്നു എന്ന ക്രിയ്ക്കു കഴിയും. അവനെ കണ്ടു, അവനെ കണ്ടിരുന്നു ഇവയുടെ വ്യത്യാസം മനസ്സിലാക്കുക. ക്രിയ ഒററയ്ക്ക് ഉപയോഗിക്കുമ്പോഴും വ്യത്യാസമുണ്ട്. ഇത്തരം പ്രയോഗത്തിന് അനുപ്രയോഗം എന്നു പറയുന്നു.

**12. എന്നാൽ:** ഇതൊരു ദ്യോതകശബ്ദമാണ്. രണ്ടു വാക്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കാനും ഇതുപയോഗിക്കുന്നു. പക്ഷേ എന്ന അർത്ഥമാണ് ഇതു നൽകുന്നത്. വരുമെന്നാൽ, വരുമെങ്കിൽ എന്നിങ്ങനെ ഒരേ അർത്ഥത്തിൽ പ്രയോഗിക്കാറുണ്ട്. പറഞ്ഞു വന്നതിൽ നിന്നു വ്യത്യസ്തമായി ഒരഭിപ്രായം രേഖപ്പെടുത്തുവാൻ സഹായിക്കുകയാണ് ഇതിന്റെ പ്രവൃത്തി.

**13. നിസ്സംശയം:** സംസ്കൃതഭാഷയിൽ നിന്നു പദങ്ങൾ കടം കൊള്ളുമ്പോൾ അവയിൽ മലയാളത്തിലെ പ്രത്യയങ്ങളാണ് ചേർക്കുന്നത്. 'ശാസ്ത്രജ്ഞൻമാർ', 'മനസ്സിനെക്കുറിച്ച്' ഇവ ഉദാഹരങ്ങൾ. ശാസ്ത്രജ്ഞ ശബ്ദത്തോട് 'അൻ'എന്ന ലിംഗപ്രത്യയവും 'മാർ'എന്ന ബഹുവചനപ്രത്യയവും ചേർത്താണ് രൂപം ഉണ്ടാക്കിയിരുക്കുന്നത്. മനസ്സ് എന്ന സംസ്കൃതശബ്ദത്തോട് ഇടനിലയും സംബന്ധികാ വിഭക്തിപ്രത്യയവും ചേർത്തിരിക്കുന്നു. എന്നാൽ നിസ്സംശയം എന്നിടത്താകട്ടെ സംസ്കൃതപദം സംസ്കൃതപ്രത്യയത്തോടെ ഉപയോഗിച്ചിരിക്കുന്നു. ഇവിടെ വെളിപ്പെട്ടു എന്ന ക്രിയയുടെ വിശേഷണമാണ് ഇത്.

**14. വെളിപ്പെട്ടു:** വെളിപ്പെട്ടു എന്ന ക്രിയയുടെ ഭൂതകാലരൂപമാണ് ഇത്. ഭൂതകാലപ്രത്യയം 'തു' എന്നാണ്. സന്ധിമൂലമാണ് 'ട്ടു' എന്നു വരുന്നത്. വെളിപ്പെട് + തു. വെളിപ്പെട് + ടു - വെളിപ്പെട്ടു. 'ട' വർഗ്ഗത്തിനടുത്തു വരുന്ന തവർഗ്ഗം ട വർഗ്ഗമാകും എന്നു നിയമം. 'പെട്ടു', 'വിട്ടു' എന്നിവ മററുദാഹരണങ്ങൾ. വെളിപ്പെട്ടു എന്ന പദത്തിൽ പെട്ടു എന്നത് വാക്യത്തിന്റെ ഘടനയെ ബാധിക്കുന്നില്ല. എന്നാൽ കർമ്മത്തിനു പ്രാധാന്യമുള്ള കർമ്മണി പ്രയോഗത്തിന്റെ രൂപം ഉണ്ടാക്കാനാണ് പെടുക ചേർക്കുന്നത്. കൊല്ലപ്പെട്ടു, കാണപ്പെട്ടു എന്നിങ്ങനെയുള്ള രൂപങ്ങൾ ഇതിനുദാഹരണമാണ്. ഇതിൽ നിന്നു ഭിന്നമാണ്, അകപ്പെടുക, വെളിപ്പെടുക എന്നിങ്ങനെയുള്ള രൂപങ്ങൾ എന്നു മനസ്സിലാക്കിയിരിക്കണം. ഇവിടെ 'പെടുക' ചേർത്തതുകൊണ്ട് ഭൂതകാലാർത്ഥം ഉണ്ടാകുന്നു എന്നു മാത്രമേയുള്ളു.

**15. തെളിയിക്കാവുന്നതാണ്:** തെളിയിക്കാം: എന്നാണർത്ഥം. തെളിയിക്കാൻ + ആവുന്നത്1+ ആണ്. തെളിയിക്ക് എന്നതിനോട് 'ആൻ' എന്നു പിൻവിനയെച്ച പ്രത്യയം ചേർത്താൽ തെളിയിയ്ക്കാൻ എന്നു രൂപം കിട്ടുന്നു. അതിന്റെ 'ആവുന്ന' എന്ന പേരെച്ചത്തോട് തു എന്ന നപുംസകലിംഗ പ്രത്യയം ചേർത്തു ഉണ്ടാക്കുന്ന 'ആവുന്നത്' എന്ന നാമം ചേർക്കുന്നു. അതിനുമേലാണ് ആണ് എന്ന ക്രിയ പ്രയോഗിക്കുന്നത്. 'തെളിയിയ്ക്കാം' എന്ന് നേരെ പ്രയോഗിക്കാവുന്നതേയുള്ളു.

**16. നമുക്ക്:** ഞാൻ എന്ന ഉത്തമപുരുഷസർവ്വനാമത്തിന്റെ ബഹുവചനരൂപമാണ് നാം. ഇതിന്റെ ഉദ്ദേശികാ രൂപമാണ് നമുക്ക്. നാം എന്നത് നമ് ആയതിനുശേഷം 'ഉ' എന്നു ഇടനില ചേരും. അതിനുശേഷം വിഭക്തിപ്രത്യയം ചേർക്കുന്നു.

**17. ഇന്ദ്രിയവ്യാപാരം മൂലം:** ഇവിടെ 'മൂലം ' എന്ന പദം പ്രയോജികാവിഭക്തിയുടെ അർത്ഥമാണ് നൽകുന്നത്. 'അതിനാൽ ' എന്നും 'അതുമൂലം' എന്നും പ്രയോഗിക്കാം. കാരണം എന്ന അർത്ഥമാണ് ഇതിനുള്ളത്. അതുമൂലം എന്നതുപോലെ അതുകാരണം എന്നും വരും.

**18. ഒരുവന്നു്:** ഒരുവൻ എന്നതിന്റെ ഉദ്ദേശികാരൂപമാണ് ഇത്. 'ൻ' ൽ അവസാനിക്കുന്ന നാമങ്ങളോട് ഉദ്ദേശികാപ്രത്യയം 'ഉ്' മാത്രമാണ്. അങ്ങനെ രൂപം ഒരുവന് എന്നു മതിയാവും. എന്നാൽ 'ന' ഇരട്ടിച്ച് ന്നു എന്ന് ഉപയോഗിച്ചിരിക്കുന്നു. 'അവന്ന്', 'അതിന്ന്' എന്നൊക്കെ മററു രൂപങ്ങൾ.

**19. കായികം:** കായം എന്നാൽ ശരീരം എന്നർത്ഥം. 'കായ' ത്തിൽ നിന്നുണ്ടായ മറെറാരു നാമപദമാണ് ഇത്. ഒരു നാമത്തിൽ നിന്നുണ്ടാകുന്ന മറെറാരു നാമത്തെ 'തദ്ധിതം' എന്നു വിളിക്കുന്നു. 'ശാരീരികം' 'മാനസികം' എന്നൊക്കെയുള്ള രൂപങ്ങളും തദ്ധിതങ്ങൾ തന്നെ.

**20. ഏററവും:** ഏറുക എന്ന ക്രിയയിൽ നിന്നുണ്ടായ ഒരു വിശേഷണപദമാണ് 'ഏററവും വലിയ', 'ഏററവും ചെറിയ' എന്നിങ്ങനെ. വിശേഷണങ്ങളേയും ഏററവും ചെറുത് ഏററവും വലുത് എന്നിങ്ങനെ നാമപദങ്ങളെയും ഇതു വിശേഷിപ്പിക്കുന്നു.

**21. പ്രവർത്തനം:** പ്രവർത്തിക്കുക എന്ന ക്രിയയിൽ നിന്നുണ്ടാകുന്ന ഒരു നാമപദമാണ് ഇത്. പ്രവൃത്തി എന്ന ഒരു നാമപദം കൂടിയുണ്ട്. എഴുത്തിൽ ഇവ തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കണം. പ്രവർത്തനം എന്നല്ലെങ്കിൽ പ്രവൃത്തി എന്നു തന്നെ എഴുതണം.

**22. ഇങ്ങനെ:** അ, ഇ, എ, എന്നീ സർവ്വനാമങ്ങളിൽ നിന്നുണ്ടാകുന്ന ക്രിയാവിശേണമാണ്. അങ്ങനെ, ഇങ്ങനെ, എങ്ങനെ, ഇവ. 'അങ്ങനെ പോയി', 'ഇങ്ങനെ കേട്ടു', 'എങ്ങനെ വേണം' എന്നിവ ഉദാഹരണം.

**23. അത്രേ:** ഇത് പറയുന്ന വസ്തുതയുടെ പ്രസിദ്ധിയെ സൂചിപ്പിക്കുന്നു. പ്രസിദ്ധമായ ഒരു കാര്യം പറയുമ്പോഴാണ് ഇതുപയോഗിക്കുന്നത്. പറയുന്ന ആളിന് ആ കാര്യത്തെക്കുറിച്ചുള്ള സംശയവും ഇതു ധ്വനിപ്പിക്കാറുണ്ട്. 'ഇന്നലെ വന്നത് അവനാണത്രേ' അൽപ്പം സംശയം ബാക്കിയാണെന്ന് അർത്ഥം.

**24. ഉണ്ടാവുമ്പോൾ:** പദത്തിന്റെ മദ്ധ്യത്തിൽ 'ക' യും 'വ' യും പരസ്പരം മാറിവരും. 'പോകുന്നു – പോവുന്നു', എന്നിങ്ങനെ. 'ഉണ്ടാകുമ്പോൾ' എന്നും 'ഉണ്ടാവുമ്പോൾ' എന്നും വരും. ഉണ്ടാകും എന്ന ഭാവികാലരൂപത്തോട് 'പോൾ' അല്ലെങ്കിൽ 'പോഴ്' എന്നു ചേർക്കുമ്പോൾ ആ സമയത്ത് എന്ന് അർത്ഥം കിട്ടും. 'പോകുമ്പോൾ' 'വരുമ്പോൾ' എന്നിങ്ങനെ ഭാവികാല പ്രത്യയം ചേർത്തതിനുമേൽ ഇതു ചേർക്കുന്നു. സമയം എന്നർത്ഥമുള്ള 'പൊഴുത്' എന്ന ശബ്ദത്തിൽ നിന്നാണ് ഇത് ഉണ്ടാകുന്നത്.

**25. അല്ലോ:** ഒരു കാര്യം പറയുമ്പോൾ അതു പ്രസിദ്ധമാണെന്ന് കാണിക്കാൻ 'അല്ലോ' എന്നു ചേർക്കാറുണ്ട്. 'പത്തു മണിക്കു തന്നെ വരാറുണ്ടല്ലോ' ചെയ്യാറുണ്ടല്ലോ എന്ന പ്രയോഗം അങ്ങനെയുള്ള അർത്ഥം കാണിക്കുന്നു.

**26. ഉണ്ടാകാതെ:** 'അതെ' എന്നത് നിഷേധാർത്ഥം ഉണ്ടാക്കുന്ന പ്രത്യയമാണ്. 'വരാതെ' 'പോകാതെ' എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ശ്രദ്ധിക്കുക. ഈ രൂപങ്ങൾ ക്രിയയെ വിശേഷിപ്പിക്കുകയാണ് ചെയ്യുന്നത്.

**27. കാണപ്പെട്ടിട്ടുണ്ട്:** വ്യത്യാസങ്ങൾ കണ്ടിട്ടുണ്ട് എന്നു പറഞ്ഞാൽ മതിയാവും. കർത്തരി പ്രയോഗത്തിൽ വരേണ്ട പ്രയോഗത്തിനു പകരം കർമ്മണി പ്രയോഗം ഉപയോഗിച്ചിരിക്കുന്നു. 'ഞാൻ വ്യത്യാസങ്ങൾ കണ്ടിട്ടുണ്ട് എന്നു മതി.' എന്നാൽ വ്യത്യാസങ്ങൾ കാണപ്പെട്ടിട്ടുണ്ട് എന്നാണ് പ്രയോഗം.

**28. മേൽപ്പറഞ്ഞ:** മേൽ + പറഞ്ഞ = മേൽപ്പറഞ്ഞ. 'ല' കാരത്തിനു ശേഷം വരുന്ന 'പ' കാരം ഇരട്ടിച്ചിരിക്കുന്നു. ദ്വിത്വസന്ധി. പറഞ്ഞ + തു് = പറഞ്ഞത്. പറഞ്ഞ എന്ന പേരെച്ച രൂപത്തിനോട് ലിംഗപ്രത്യയം ചേർത്ത് പേരെച്ച നാമങ്ങൾ ഉണ്ടാക്കുന്നു. നപുംസകലിംഗപ്രത്യയമായ 'തു' ചേർത്താണ് പറഞ്ഞത് എന്ന പേരച്ചനാമം ഉണ്ടാക്കിയിരിക്കുന്നത്.

**29. സിരകളുടെ:** സിരകൾ എന്ന നാമത്തോട് 'ഉടെ' എന്ന പ്രത്യയം ചേർത്തിരിക്കുന്നു. സംബന്ധികാ വിഭക്തിക്ക് 'ഉടെ' എന്നും 'റെ' എന്നും പ്രത്യയങ്ങളുണ്ട്. 'രവിയുടെ' 'മനസ്സിന്റെ.' 'ന' യിൽ അവസാനിക്കാത്ത നാമങ്ങളോട് ഉടെയാണ് പ്രത്യയമായി വരുന്നത്.

**30. വ്യാഖ്യാനിക്കാൻ:** വ്യാഖ്യാനിക്കുക എന്ന ക്രിയയോടു 'ആൻ' എന്ന പ്രത്യയം ചേർത്ത രൂപം. ഇത് ഒരു ക്രിയയെ അപ്രധാന ക്രിയയാണെന്നു കാണിക്കാൻ ഉപയോഗിക്കുന്നു. പ്രധാനക്രിയയ്ക്കു പിൻപാണ് ഈ ക്രിയയുടെ പ്രവൃത്തി എന്നു കാണിക്കുകയും ചെയ്യുന്നു. പിൻവിനയെച്ചം എന്നാണ് ഇതിനു പേര്.

## പുരോഗതി സ്വയം പരിശോധിക്കുക-1

അ. താഴെക്കൊടുക്കുന്ന പ്രസ്താവങ്ങൾ തെററേത് ശരിയേത് എന്നു എടുത്തെഴുതുക:-

1. മനസ്സിനും മസ്തിഷ്ക്കത്തിനും തമ്മിൽ വലിയ ബന്ധമൊന്നുമില്ല.
2. നാഡീവ്യൂഹത്തിൻെറ ചലനമാണ് മനുഷ്യൻെറ പ്രവൃത്തികളെ നിയന്ത്രിക്കുന്നത്.
3. ഇന്ദ്രിയങ്ങൾ കായികങ്ങളും മസ്തിഷ്കത്തിൽ കേന്ദ്രീകൃതങ്ങളുമാണ്.
4. മാനസിക വികാരങ്ങൾ ദേഹചലനത്തെ സ്വാധീനിക്കാറില്ല.
5. ലഹരി സാധനങ്ങളിൽ നിന്നു ദേഹത്തിനു മാററമൊന്നും ഉണ്ടാക്കുന്നില്ല.
6. ശസ്ത്രക്രിയ മൂലം തലച്ചോറു നീക്കം ചെയ്ത പ്രാണികളിൽ വലിയ വ്യത്യാസം കാണുന്നുണ്ട്.
7. മാനസികവൃത്തികളെ സിരാഘടന, സിരാവ്യാപാരം എന്നിവയുടെ രൂപത്തിൽ വ്യാഖ്യാനിക്കാൻ കഴിയും.

ആ) വിട്ടുപോയ ഭാഗം ബ്രാക്കററിൽ കൊടുത്തിരിക്കുന്നവയിൽ നിന്നു കണ്ടെത്തി പൂരിപ്പിക്കുക.

1. മനസ്സിൻെറ അധിഷ്ഠാനം ................. ആണ്.
   (കുടൽ, പ്ളീഹ, മസ്തിഷ്കം)
2. ഇന്ദ്രിയങ്ങൾ കായികങ്ങളും ............... ൽ കേന്ദ്രീകൃതങ്ങളുമാണ്.
   (നേത്രേന്ദ്രിയത്തിൽ, ശരീരത്തിൽ, മസ്തിഷ്ക്കത്തിൽ)
3. നമുക്ക് ജ്ഞാനം ഉണ്ടാകുന്നത്.............വ്യാപാരം നിമിത്തമാണ്.
   (ഇന്ദ്രിയങ്ങളുടെ, മാംസപേശികളുടെ, തലച്ചോറിൻെറ)
4. ദേഹത്തിലെ സിരാസംഘാതത്തിൻെറയെല്ലാം കേന്ദ്രം ............. ആണ്.
   (തലച്ചോർ, ശരീരം, ത്വക്ക്)
5. കാര്യമായ മാനസികവൃത്തിക്ക് ............... ൻെറ വ്യാപാരം അത്യാവശ്യമാണ്.
   (ഇന്ദ്രിയത്തിൻെറ, മനസ്സിൻെറ, സ്നായുവിൻെറ)

## 10.5 വിഷയാവതരണം

മനുഷ്യൻെറ എല്ലാ പ്രവർത്തനങ്ങളെയും മനഃശാസ്ത്രപരമായി വിശകലനം ചെയ്യാൻ സാധിക്കുമെന്ന് മനഃശാസ്ത്രജ്ഞന്മാർ അവകാശപ്പെടാറുണ്ട്. മനുഷ്യൻെറ ചേഷ്ടകൾ വിശകലനം ചെയ്യാൻ ശ്രമിക്കുമ്പോൾ ബോദ്ധ്യമാവുന്ന വസ്തുത മനസ്സ് ഓരോ വസ്തുവിനോട് ഓരോ വിധത്തിൽ പ്രതിസ്പന്ദിക്കുന്നു എന്നതാണ്. സന്തോഷമോ വേദനയോ ഉളവാക്കുന്നതിന് അടിസ്ഥാനപരമായ കാരണമെന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? ശ്രീ ജെയിംസ് എ.ജെ. എഴുതിയ 'ചേഷ്ടാസിദ്ധാന്തം' എന്ന പാഠത്തിലൂടെ നമുക്ക് മനസ്സിലാക്കുവൻ ശ്രമിക്കാം.

### ചേഷ്ടാസിദ്ധാന്തം

**— ജയിംസ് എ.ജെ.**

ജന്മചോദനകൾ എന്നപോലെ സ്മരണ എന്നതും ഉദ്ദീപനപ്രതിസ്പന്ദങ്ങൾ തലച്ചോറിലെ പുറംപാളിയിലുളവാക്കിയ ചില സവിശേഷതകളാണ്. വികാരങ്ങളോടു ബന്ധപ്പെട്ട ഹൃദ്യമായ പ്രതിസ്പന്ദങ്ങൾ ചിരസ്ഥായിയായ സ്മരണകളെ തലച്ചോറിൽ രേഖപ്പെടുത്തുന്നു. അതിനാലാണ് ആനന്ദമോ സഹായമോ നൽകുന്ന പരിതസ്ഥിതിയിൽ നമ്മളോടൊപ്പം പെരുമാറിയ സുഹൃത്തുക്കളെ നാം ആജീവനാന്തം ഓർമ്മിക്കുന്നത്.

വിഭിന്നസാധനങ്ങളോട് വിഭിന്ന പ്രതിസ്പന്ദങ്ങളായിരിക്കും ഒരു വ്യക്തിയിലുണ്ടാകുക. മദ്യത്തോടും ചായയോടും എന്ന പോലെ. ആ വസ്തുക്കളോരോന്നും പ്രതിനിധീകരിക്കുന്ന കണ്ടീഷൻഡ് റിഫ്ളെക്സുകളുളവാക്കുന്ന സന്തോഷമോ വേദനയോ ആണ് വ്യത്യസ്ത മനോഭാവങ്ങൾക്കാധാരം. ഈ തത്വം പ്രേമത്തെ ബാധിക്കുന്നതെങ്ങനെയാണ്?. സന്തോഷഭാവങ്ങളുണർത്തുന്ന ഏതു പ്രേരണകളും (അനുകൂലമായ കൺഡീഷൻഡ് റിഫ്ളെക്സ്) പ്രേമത്തിന് അനുകൂലമായിത്തീരുന്നു. പ്രഥമദൃഷ്ടിയിലുണ്ടാകുന്ന പ്രണയം തുടർച്ചയായ പെരുമാററങ്ങളുടെ ഫലമായി സുദൃഢമാകുന്നുവെന്നേയുള്ളു.

ഓരോ ചോദനവും സാധാരണയായി ഒരു അനുവിധാനത്തിലാണ് അവസാനിക്കുന്നത്. ചോദനം തുടർച്ചയായി പ്രതികരണം സൃഷ്ടിക്കുമെന്നതിനാൽ അതിനെതിരെ

വ്യക്തി സ്വയം നടത്തുന്ന ഒരു അനുരഞ്ജനകൃത്യമാണ് അത്. ഉദാഹരണമായി കഠിനമായി വിശപ്പുള്ള ഒരാൾ ഭക്ഷണം തേടുന്നതിലും കാമവികാരമുള്ള ഒരാൾ സ്ത്രീയെ പിന്തുടരുന്നതിലും താൽപ്പര്യപ്പെടുന്നു. തികച്ചും ലൈംഗിക സംതൃപ്തി നേടിയ ഒരു പുരുഷനിൽ ഒരു സ്ത്രീയ്ക്കും ഉടനെ കാമമുണർത്താൻ കഴിയുന്നില്ല. സംതൃപ്തമായ ചോദനങ്ങൾ പ്രതിസ്പന്ദകമങ്ങളല്ലാതെ വരുമ്പോഴത്തെ അവസ്ഥയെയാണ് അനുവിധാനം അഥവാ അഡ്ജസ്റ്റ്മെൻറ് എന്നു നാം പറയുന്നത്.

വാട്സൺ, തോൺഡൈക്ക്, ഹണ്ടർ ഡഷീൽ തുടങ്ങിയ ചേഷ്ടാവാദക്കാരുടെ സിദ്ധാന്തങ്ങൾക്കു ജനതാമധ്യത്തിൽ ഇടക്കാലത്ത് നല്ല അംഗീകാരം കിട്ടിയിരുന്നു. യൂറോപ്പിലും അമേരിക്കയിലും ചേഷ്ടാവാദസിദ്ധാന്തങ്ങളെ ഉപജീവിച്ചു പല പരീക്ഷണങ്ങളും നടത്തപ്പെട്ടു. 1953-ൽ ചെക്കോസ്ലാവാക്യക്കാരനായ സ്യനിക്കും ഫ്രുവെൻഡും നടത്തിയ പരീക്ഷണങ്ങൾ ഈ സിദ്ധാന്തങ്ങൾക്കു മുതൽക്കൂട്ടായിട്ടുണ്ട്.കുട്ടികളുടെ ഉന്തുവണ്ടി നശിപ്പിച്ചതിന് ഭ്രാന്താശുപത്രിയിലെത്തിയ ഒരാളെ റെയ്മൊണ്ട് (ഇംഗ്ളണ്ട്) ചികിത്സിക്കുകയുണ്ടായി. പത്തു വയസ്സായിരുന്നപ്പോൾ അയാളുടെ കളിത്തോണി ഒരു ഉന്തുവണ്ടിയുമായി കൂട്ടിയിടിച്ച് നശിച്ചുപോയി. സഹോദരിയുടെ ഹാൻഡ് ബാഗ് കാണുമ്പോൾ അയാൾക്കു കാമവികാരം അനുഭവപ്പെട്ടിരുന്നുവത്രേ. ഓക്കാനമുണ്ടാക്കുന്ന ഔഷധം കുത്തി വെച്ചതിനുശേഷം മുന്നിൽ സ്ത്രീകളുടെ സഞ്ചിയും ഉന്തുവണ്ടിയും പ്രദർശിപ്പിച്ചപ്പോൾ അവ നീക്കം ചെയ്യാൻ അയാൾ ആവശ്യപ്പെട്ടു. ആറുമാസം കൂടുമ്പോൾ ഈ ചികിത്സ ഒന്നു രണ്ടു തവണ ആവർത്തിക്കപ്പെടുകയുണ്ടായി. എന്നാൽ 19 മാസത്തിനുശേഷം അയാൾക്ക് മാനസിക രോഗത്തിൽ നിന്നു പരിപൂർണ്ണസുഖം കിട്ടിയതായി കണ്ടു.

ഇങ്ങനെ കണ്ടീഷൻഡ് റിഫ്ളക്സുകൾ രോഗകാരണങ്ങളായിത്തീരുമ്പോൾ അവയെ അൺകണ്ടീഷൻ ചെയ്തു പകരം പുതിയ ശീലങ്ങൾ വരുത്തി മാനസികരോഗങ്ങളും ചിത്ത പെരുമാററങ്ങളും സുഖപ്പെടുത്താമെന്നും ചേഷ്ടാവാദികൾ വിശ്വസിക്കുന്നു.

## 10.6 പാഠസംഗ്രഹം

ഓർമ്മ എന്നത് ഉദ്ദീപനപ്രതിസ്പന്ദങ്ങൾ തലച്ചോറിലെ പുറംപാളിയിലുളവാക്കിയ ചില സവിശേഷതകളാണ്. ഓരോ വസ്തുവിനോടും മനസ്സ് ഓരോ രീതിയിലായിരിക്കും പ്രതിസ്പന്ദിക്കുക. ആ വസ്തുക്കളോരോന്നും പ്രതിനിധീകരിക്കുന്ന കണ്ടീഷൻഡ് റിഫ്ളക്സുകൾ ഉളവാക്കുന്ന സന്തോഷമോ വേദനയോ ആണ് വ്യത്യസ്ത മനോഭാവങ്ങൾക്കാധാരം. ചോദനം തുടർച്ചയായി പ്രതികരണം സൃഷ്ടിക്കും. അതിനെതിരെ വ്യക്തിസ്വയം നടത്തുന്ന ഒരു അനുരഞ്ജനകൃത്യമാണ് അനുവിധാനം. സംതൃപ്തമായ ചോദനകൾ പ്രതിസ്പന്ദകമങ്ങളല്ലാതെ വരുമ്പോഴത്തെ അവസ്ഥയെയാണ് അനുവിധാനം എന്നു പറയുന്നത്. ചേഷ്ടാവാദസിദ്ധാന്തത്തെ ഉപജീവിച്ചു യൂറോപ്പിലും അമേരിക്കയിലും നിരവധി പരീക്ഷണങ്ങളും നടന്നിട്ടുണ്ട്. കണ്ടീഷൻഡ് റിഫ്ളക്സുകൾ രോഗകാരണങ്ങളാവുമ്പോൾ അവയെ അൺകണ്ടീഷൻ ചെയ്തു രോഗം സുഖപ്പെടുത്താമെന്നുവരെ ചേഷ്ടാവാദികൾ വിശ്വസിക്കുന്നു.

## 10.7 കുറിപ്പുകൾ

(1) ചേഷ്ടാവാദം: Behaviourism എന്ന ഇംഗ്ലീഷുപദത്തിൻെറ തർജ്ജമയാണ് ഇത്. ഈ സിദ്ധാന്തത്തിൻെറ അവതാരകൻ ജെ.ബി.വാട്സൺ ആണ്. മനുഷ്യമനസ്സ് അപഗ്രഥിക്കാൻ വളരെ വിഷമമാണ്. പ്രവർത്തനത്തിലൂടെയാണ് നാം മനസ്സിൻെറ സ്ഥിതി അറിയുന്നത്. അതുകൊണ്ട് മനസ്സിൻെറ ഉദ്ദീപനങ്ങളും പ്രതികരണങ്ങളും അപഗ്രഥിക്കുകയാണ് മന:ശാസ്ത്രം ചെയ്യേണ്ടത് എന്നു അവർ വാദിച്ചു.

(2) കണ്ടീഷൻഡ് റിഫ്ളക്സ്: ഉദ്ദീപനത്തിനനുസരിച്ച് ശരീരത്തിലെ ഭാഗങ്ങൾ പ്രതികരിക്കുന്നു.അങ്ങനെയാണ് പ്രവർത്തനം നടക്കുന്നത്. നിരന്തരമായ പ്രതികരണം ചില പ്രതിപ്രവർത്തനത്തെ ഒരു സ്വഭാവമാക്കിത്തീർക്കും. പ്രതികരണം ഉണ്ടാകാനുള്ള ഉദ്ദീപനം ഇല്ലാത്തപ്പോഴും പ്രതികരണം ഉണ്ടാകുന്നതുകൊണ്ടാണ് കണ്ടീഷൻഡ് എന്നു പറയുന്നത്. ഉമിനീരും കഴിക്കുന്ന ആഹാരവും തമ്മിൽ ബന്ധമുണ്ട്. ആഹാരം രുചികരമാണെങ്കിൽ ഉമിനീര് കൂടുതൽ ഉണ്ടാകും. ഇങ്ങനെ ആഹാരം ചെല്ലുമ്പോഴൊക്കെ ഉമിനീരുണ്ടായി, ആഹാരത്തിൻെറ ഏതെങ്കിലും ഘടകം ഉമിനീരുണ്ടാക്കാൻ പ്രേരകമാകും. ചിലപ്പോൾ ആഹാരത്തിൻെറ മണം

കോരക്കുമ്പോഴാകും, ചിലപ്പോരം അതു കാണുമ്പോഴാകും. സ്വഭാവം കൊണ്ടുണ്ടാകുന്ന ഇത്തരം പ്രതികരണത്തെയാണ് കണ്ടീഷൻഡ് റിഫ്ളെക്സ് എന്നു പറയുന്നത്.

(3) **ചോദന:** ഏതു ജന്തുവിനും ജന്മനാ ഉണ്ടാകുന്ന ചില പ്രത്യേക സ്വഭാവങ്ങളുണ്ട്. അവയെ ചോദന എന്നു വിളിക്കുന്നു. ബുദ്ധിയുടെ നിയന്ത്രണമോ നിർദ്ദേശമോ ഇതിന് ആവശ്യമില്ല. സ്വഭാവത്തിന്റെ പ്രേരണയ്ക്കു വിധേയമായി പ്രവർത്തിച്ചുകൊള്ളും. താറാവിന്റെ കുഞ്ഞുങ്ങരം കരയിലാണ് പിറക്കുന്നത്. എങ്കിലും ആദ്യമായി അതു വെള്ളം കാണുമ്പോരം ഭയന്നു മാറാതെ അതിലേക്കു ചാടുന്നു. താറാവിന്റെ കുഞ്ഞിനെ വെള്ളത്തിലേക്കിറങ്ങാൻ പ്രേരിപ്പിച്ച ആ സ്വഭാവമാണ് ചോദനം.

(4) **ജോൺ ബ്രോഡസ് വാട്സൺ:** 9-1-1878-ൽ ഗ്രീൻ വില്ലയിൽ ജനിച്ചു. 25-9-1958-ൽ ന്യൂയോർക്കിൽ വച്ചു മരിച്ചു. ചേഷ്ടാവാദസിദ്ധാന്തത്തിന്റെ അവതാരകൻ എന്ന നിലയിലാണ് ഇദ്ദേഹം പ്രസിദ്ധനായിത്തീർന്നത്. ജന്തുക്കളുടെ അഭ്യസന പ്രക്രിയയെക്കുറിച്ചുള്ള സിദ്ധാന്തമാണ് ഇദ്ദേഹത്തെ ശ്രദ്ധേയനാക്കിയത്. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ ഇദ്ദേഹം ചുററുപാടുകളുടെ സ്വാധീനമാണ്' അഭ്യസനത്തിന് ആധാരം എന്നു സമർത്ഥിച്ചു. പവ്ലോവിനുശേഷം ബിഹേവിയർ തെറാപ്പിയുടെ പ്രാധാന്യം സ്ഥാപിച്ചതും ഇദ്ദേഹമാണ്.

(5) **ഇ.എൽ. തൊണ്ടൈക്:** 31-8-1874-ൽ വില്യംസ്ബർഗ്ഗിൽ ജനിച്ചു. ന്യൂയോർക്കിലുള്ള മൗണ്ട് റോഡിൽ വച്ച്. 10-8-1949-ൽ അന്തരിച്ചു. വില്യം ജയിംസ് എന്ന പ്രസിദ്ധ മനഃശാസ്ത്രജ്ഞന്റെ ശിഷ്യനാണ് ഇദ്ദേഹം. ചുററുപാടുകളുമായി സമരസപ്പെടുമ്പോഴാണ് ഏതു പ്രവൃത്തിയും സന്തോഷകരമാകുന്നത് എന്ന് ഇദ്ദേഹം സമർത്ഥിച്ചു.

## 10.8 അപഗ്രഥനം

1. **ജന്മചോദനകരം:** Instinct എന്നതിന്റെ തർജ്ജമ. ജന്മ എന്നും ചോദനകരം എന്നും രണ്ടു പദങ്ങരം സമാസിച്ചാണ് ഇതുണ്ടാക്കിയിരിക്കുന്നത്. 'ജന്മ' എന്ന പദം ആദ്യം വരുമ്പോരം ജനനം മുതലേയുള്ള എന്ന അർത്ഥം കിട്ടും. ജന്മവാസന എന്നു പറയുമ്പോഴും ഈ അർത്ഥം തന്നെ. ജന്മനാ ഉള്ള ചോദന എന്നു വിഗ്രഹം.

2. **എന്നപോലെ:** 'എന്ന'എന്ന പദം 'എൻ'എന്ന ധാതുവിന്റെ പേരെച്ചരൂപമാണ്. എന്ന പേരെച്ചമാണെങ്കിലും 'എന്നത്''എന്ന നാമത്തിന്റെ പ്രവൃത്തിയാണിതിനുള്ളത്. അതിനോടുകൂടി സാദൃശ്യം അർത്ഥം നൽകുന്ന 'പോലെ'ഉപയോഗിച്ചിരിക്കുന്നു. 'പോലെ'എന്നു മാത്രം പ്രയോഗിച്ചാലും അർത്ഥത്തിനു വ്യത്യാസമൊന്നും ഉണ്ടാകുന്നില്ല. എന്നപോലെ, എന്നതുപോലെ ഇവ തുല്യാർത്ഥം ഉള്ളവയാണ്.

3. **ഉദ്ദീപനപ്രതിസ്പന്ദങ്ങരം:** ഉദ്ദീപനവും പ്രതിസ്പന്ദവും. രണ്ടിനും തുല്യപ്രാധാന്യമാണുള്ളത്. ദ്വന്ദ്വസമാസം. ബഹുവചനത്തിലേ സമസ്തപദം വരാവൂ എന്നു നിർബന്ധമുണ്ട്. സൂര്യചന്ദ്രന്മാർ, അച്ഛനമ്മമാർ ഇവ മററു ഉദാഹരണങ്ങരം.

4. **തലച്ചോറിലെ:** തല + ചോറ് + ഇൽ + എ.

തല എന്നും ചോറ് എന്നും ചേർക്കുമ്പോരം അ കാരത്തിനു ശേഷം വന്ന 'ച' ഇരട്ടിക്കുന്നു. അങ്ങനെ ദ്വിത്വസന്ധി.

തലച്ചോറ് + ഇൽ- സംവൃതോകാരത്തിനു ശേഷം ഇൽ വന്നപ്പോരം സംവൃതം ലോപിച്ചു. തലച്ചോറിൽ എന്നായി. ആധാരികപ്രത്യയത്തിനു മേൽ 'എ' എന്ന പ്രതിഗ്രാഹികാ വിഭക്തി രൂപം വരുന്നു. 'ഇൽ + എ: എന്നു ചേരുമ്പോരം 'ആ സ്ഥലത്തെ' എന്നർത്ഥം കിട്ടും.

5. തേടുന്നതിലും .................... പിന്തുടരുന്നതിലും താൽപ്പര്യപ്പെടുന്നു: ഇവിടെ 'തേടുന്നതിലും' എന്നതിനു പകരം തേടാനും എന്നും പിന്തുടരുന്നതിലും എന്നതിനുപകരം പിന്തുടരാനും എന്ന് പ്രയോഗിച്ചാൽ മതിയാകും.

**പുരോഗതി സ്വയം പരിശോധിക്കുക-2**

1) 1. ബ്രായ്ക്കററിൽ കൊടുത്തിട്ടുള്ളവയിൽ നിന്ന് ശരിയായ രൂപം കണ്ടെത്തി പൂരിപ്പിക്കുക:

1. സ്മരണം .............. ൽ ഉണ്ടാകുന്നു.
(തലച്ചോറിൽ, തലച്ചോറിലെ പുറംപാളിയിൽ, മനസ്സിൽ)

2. ഓരോ ചോദനവും സാധാരണയായി ഒരു ................. ൽ ആണ് അവസാനിക്കുന്നത്.
(ഓർമ്മ, അനുവിധാനം, ഉദ്ദീപനം).

3. .................... റിഫ്ളെക്സ് – രോഗകാരണമായിത്തീരുന്നു. (കണ്ടീഷൻഡ്, അൺകണ്ടീഷൻഡ്).

2. ഉത്തരമെഴുതുക:

1. ആനന്ദമോ സഹായമോ നൽകുന്ന പരിത:സ്ഥിതിയിൽ പെരുമാറിയ ആൾക്കാരെ ഓർക്കുന്നത് എന്തുകൊണ്ട്?

2. വ്യത്യസ്തമനോഭാവങ്ങൾക്ക് ആധാരം എന്ത്?

3. ''ഈ തത്വം പ്രേമത്തെ ബാധിക്കുന്നത് എങ്ങിനെയാണ്?'' ഏതു തത്വം?

4. അനുവിധാനം എന്നാൽ എന്ത്?

5. പുതിയ ശീലങ്ങൾ വരുത്തി മാനസിക രോഗങ്ങൾ മാററുന്നതെങ്ങനെ?

## 10.9 പുരോഗതി സ്വയം പരിശോധിക്കുക-ഉത്തരം

അ) 1. തെററ്
2. ശരി
3. ശരി
4. തെററ്
5. തെററ്
6. ശരി
7. ശരി.

ആ). 1. മസ്തിഷ്കം
2. മസ്തിഷ്കത്തിൽ
3. ഇന്ദ്രിയങ്ങളുടെ
4. തലച്ചോർ
5. സ്നായുവിൻെറ.

ഇ) 1) 1. തലച്ചോറിൻെറ പുറംപാളിയിൽ
2. അനുവിധാനം
3. കണ്ടീഷൻഡ്.

2) 1. വികാരങ്ങളോടു ബന്ധപ്പെട്ട ഹൃദ്യമായ പ്രതിസ്പന്ദനങ്ങൾ ചിരസ്ഥായിയായ സ്മരണകളെ തലച്ചോറിൽ രേഖപ്പെടുത്തുന്നതുകൊണ്ട്.

2. ഓരോ വസ്തുവും ഓരോതരം പ്രതിസ്പന്ദങ്ങളുവാക്കുന്നു. ആ വസ്തുക്കൾ ഓരോന്നും പ്രതിനിധീകരിക്കുന്ന കൺഡീഷൻഡ് റിഫ്ളെക്സുകൾ ഉളവാക്കുന്ന സന്തോഷമോ വേദനയോ ആണ് വ്യത്യസ്ത മനോഭാവത്തിന് ആധാരം.

3. വസ്തുക്കൾ ഓരോന്നും പ്രതിനിധീകരിക്കുന്ന കൺഡീഷൻഡ് റിഫ്ളക്സുകളുളവാക്കുന്ന സന്തോഷമോ വേദനയോ ആണ് വ്യത്യസ്ത മനോഭാവത്തിന് ആധാരം എന്ന തത്വം.

4. ചോദനം തുടർച്ചയായി പ്രതികരണം സൃഷ്ടിക്കുമെന്നതിനാൽ അതിനെതിരെ വ്യക്തി സ്വയം നടത്തുന്ന ഒരു അനുരഞ്ജന കൃത്യമാണ് അനുവിധാനം.

5. കൺഡീഷൻഡ് റിഫ്ളക്സുകൾ രോഗകാരണങ്ങളായിത്തീരുമ്പോൾ അവയെ കണ്ടീഷൻ ചെയ്ത് പകരം ശീലങ്ങൾ വരുത്തി മാനസിക രോഗങ്ങളേയും ചീത്ത പെരുമാററങ്ങളേയും മാററിയെടുക്കാം.